(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ വിദേശയാത്രയിനത്തിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയടക്കം 15 മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1-ൽ കാണുക†.

(ബി) അനുബന്ധം 1-ൽ†.

(സി) ഭക്ഷ്യപൊതു വിതരണ മന്ത്രിയുടെ 21-4-2005 മുതൽ 29-4-2005 വരെയുള്ള ബഹ്റിൻ, കുവൈറ്റ് പര്യടനങ്ങൾക്ക് അനുമതിക്കായി അഭ്യർത്ഥിച്ചിരുന്നെങ്കിലും കേന്ദ്രസർക്കാരിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. മറ്റുള്ള മന്ത്രിമാരുടെയെല്ലാം വിദേശ പര്യടനങ്ങൾക്ക് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) ഔദ്യോഗികമായും, സ്വകാര്യമായും വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിന് സംസ്ഥാന മന്ത്രിമാർ കേന്ദ്ര കാബിനറ്റ് സെക്രട്ടേറിയറ്റിന്റെ സർക്കുലർ 21/1/1/81-Cab തീയതി 16-8-1982-ൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇതിന്റെ പകർപ്പ് അനുബന്ധം 'സി' യിൽ കൊടുത്തിട്ടുണ്ട്.†

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന്റെ പരിധി ഉയർത്താൻ നടപടി

83 [24] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് 15,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കുറവുള്ള രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സയ്ക്കായി പരമാവധി 5000 രൂപ വരെ സഹായധനം അനുവദിക്കാറുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷകളുടെ ബാഹുല്യം നിമിത്തം കൂടുതൽ ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പുതുവൈപ്പിനിൽ എൽ.എൻ.ജി. ടെർമിനൽ നിർമ്മാണം

84 [29] *ശ്രീ sl. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിൽ എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം പഠനങ്ങളാണ് ഇപ്പോൾ നടക്കുന്നത്;

(ബി) ഈ പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) എൽ.എൻ.ജി. ടെർമിനൽ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ഈ പദ്ധതി നടപ്പിലാക്കുന്നത് മെസ്സേഴ്സ് പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ്. ഇതിനുവേണ്ടി പുതുവൈപ്പിനിൽ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏകദേശം 32 ഹെക്ടർ സ്ഥലം പാട്ടത്തിന് വിട്ടുകൊടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി 1999-2000 വർഷത്തിൽ പി.എൽ.എൽ. കമ്പനി താഴെപ്പറയുന്ന പ്രാരംഭ പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(1) റാന്റ് സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും.

(2) സീബെഡ് എൻജിനീയറിംഗും ഓഷ്യനോഗ്രാഫിക് ഇൻവെസ്റ്റിഗേഷനും.

(3) മറൈൻ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ.

(4) റാപ്പിഡ് ആന്റ് കോംപ്രിഹെൻസീവ് മറൈൻ ആന്റ് ടെറസ്ട്രിയൽ ഇ.ഐ.എ. സ്റ്റഡി.

(5) ഡീറ്റെയിൽഡ് ഫീസിബിലിറ്റി റിപ്പോർട്ട്.

(6) ബേസിക് എൻജിനീയറിംഗ് പാക്കേജ്.

ഇതുകൂടാതെ സുനാമിമൂലം സമുദ്രാന്തർ ഭാഗത്തും കടൽ തീരത്തിലും ഉണ്ടായ വ്യതിയാനങ്ങൾകൂടി കണക്കിലെടുത്ത് താഴെപ്പറയുന്ന ചില പഠനങ്ങൾകൂടി നടത്തിയിട്ടുണ്ട്.

(1) പുതുക്കിയ വിശദമായ സാദ്ധ്യതാ റിപ്പോർട്ട് 2005 മേയ് മാസത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(2) സ്റ്റോറേജ് കപ്പാസിറ്റി 2.5 എം.എം.റ്റി.പി.എ.-യിൽ നിന്നും 5.0 എം. എം. റ്റി. പി. എ.-യിലേക്ക് വർദ്ധിപ്പിക്കുമ്പോൾ പരിസരിതി ക്ലിയറൻസ് ലഭിക്കുന്നതിലേക്കായുള്ള പുതുക്കിയ റിസ്ക് അനാലിസിസ് സ്റ്റഡി 2005 മേയ് മാസത്തിൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly